## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3557

12.12.2014-ൽ മറുപടിക്ക്

## തെരുവ് നായ്ക്കൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.തിലോത്തമൻ | ഡോ: എം.കെ. മുനീർ (പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) തെരുവ് നായ്ക്കൾ നാട്ടിലെമ്പാടും പെരുകുകയും ജനജീവിതം തന്നെ ഭീതിജനകവുമായിരിക്കുകയും ചെയ്തിട്ടും തെരുവു നായ്ക്കളുടെ നിയന്ത്രണത്തിന് നടപടികൾ ഏറ്റെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) ബഹു. സുപ്രീം കോടതിയുടെ SLP (c) 691/09 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നതിനാൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ആന്റീ റാബീസ് പ്രോഗ്രാം ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തുകളിൽ കർശനമായി നടപ്പിലാക്കി വരുന്നു. |
| (ബി) ചേർത്തലയിൽ പലയിടങ്ങളിലും തെരുവ് നായ്ക്കൾ സ്കൂൾ കുട്ടികളെയും ഇരുചക്രവാഹന യാത്രക്കാരെയും കാൽനടക്കാരെയും ആക്രമിക്കുന്ന വാർത്തകൾ നിരന്തരമുണ്ടായിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിനായി കർശന നിർദ്ദേശം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; തെരുവു നായ്ക്കളെ വന്ധീകരിക്കുന്നതിനോ പുനരധിവസിപ്പിക്കുന്നതിനോ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; തെരുവു നായ്ക്കളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവ് നായക്കളെ വന്ധ്യംകരണം നടത്തി, പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 02.09.2014 ലെ സ.ഉ.(സാധാ) നം. 2306/14/തസ്വഭവ പ്രകാരംവും, 16.10.2014 ലെ സ.ഉ.(സാധാ) നം. 2673/2014/തസ്വഭ പ്രകാരവും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ